പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1103 01/07/2015 ൽ മറുപടിയ്ക്ക്

# സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. കെ.വി. വിജയദാസ് : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ള പാഠപുസ്തകങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) | ഒന്നുമുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് 3,73,15,500 പാഠപുസ്തകങ്ങളാണ് രണ്ടു ഘട്ടങ്ങളായി ഈ അധ്യയനവർഷത്തിൽ ആവശ്യമുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലേക്ക് ആവശ്യമായ വോള്യം 1 പാഠപുസ്തകങ്ങൾ 2,33,26,800 ആണ്. 11- ാം ക്ലാസ്സിലേക്ക് 10,41879 പുസ്തകങ്ങളും 12- ാം ക്ലാസ്സിലേക്ക് 14,29,108 എണ്ണവും ആവശ്യമാണ് എന്ന് കണക്കാക്കിയിട്ടുണ്ട്. |
| ബി) ഇതിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (ബി) | 9,10 ക്ലാസ്സുകളിലെ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. മാറ്റമുള്ള 2,4,6,8 ക്ലാസ്സുകളിലേയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവരികയാണ്.11,12 ക്ലാസ്സുകളിലെ പുസ്തക അച്ചടി പൂർത്തിയായി വരുന്നു. |
| സി) അച്ചടി പൂർത്തീകരിച്ച് വിതരണത്തിന് നൽകിയിട്ടുള്ള പുസ്തകങ്ങൾ എത്രയെന്ന് അറിയിക്കാമോ ; | (സി) | കെ.ബി.പി.എസിൽ 1,72,37,158പാഠപുസ്തകങ്ങളും സർക്കാർ പ്രസ്സുകളിൽ 12 ലക്ഷവും അച്ചടിച്ച് വിതരണംനടത്തിയിട്ടുണ്ട്. 11,12, ക്ലാസ്സുകളിലേക്കായി 94 ടൈറ്റിലുകളിലുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി, വിതരണം നടന്നു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് അച്ചടി പ്രവർത്തനങ്ങൾ നടത്തുന്നത് ; ഓരോ ഏജൻസിക്കും എത്ര വീതം പുസ്തകങ്ങളുടെ അച്ചടിയാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ ; | (ഡി) | ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെ.ബി.പി.എസ്.നെയാണ്ഏൽപ്പിച്ചിരുന്നത്. എന്നാൽ യഥാസമയം അച്ചടി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സർക്കാർ പ്രസ്സുകളിലും 12ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു. ശേഷിക്കുന്ന പുസ്തകങ്ങൾ കെ.ബി.പി.എസിൽ തന്നെ അച്ചടിച്ചു വരുന്നു.ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള സർക്കാരിനു കീഴിലുള്ള സി.ആപ്റ്റ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| ഇ) | ഗവൺമെന്റ് പ്രസിൽ അച്ചടിക്ക് വേണ്ട കടലാസും മഷിയും സി.ഡി.യും നൽകിയിരുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | യഥാസമയം തന്നെ പ്രിൻറിംഗ് മെറ്റീരിയൽസ് കെ.ബി.പി.എസ്സ്.സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകിയിരുന്നു. |
| എഫ്) | പാഠപുസ്തകങ്ങളുടെ അച്ചടിക്ക് വേണ്ട കടലാസ് ഓർഡർ നൽകുന്നതിന് താമസം ഉണ്ടായിരുന്നോ ; എങ്കിൽ കാരണം വിശദമാക്കാമോ ? | എഫ്) | ഇല്ല. |

Padmakumar
സെക്ഷൻ ഓഫീസർ